VI നിയമനിർമ്മാണ കാര്യം

2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ അവതരിപ്പിക്കാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നപ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഇത് എല്ലാവരും ധാരണയായ ഒരു പ്രശ്നമാണ് അതുകൊണ്ട് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതിന്റെ അടിയന്തര സ്വഭാവം കണക്കിലെടുത്താണ് നമ്മൾ എല്ലാ നടപടിക്രമങ്ങളും മാറ്റിക്കൊണ്ട് ഇന്ന് ഇത് അവതരിപ്പിക്കാനും ഇത് ചർച്ച കൂടാതെ പാസ്സാക്കാനും തീരുമാനിച്ചത്. കാരണം ആറ്റുകാൽ പൊങ്കാല 19-ാം തീയതി നടക്കാൻ പോകുകയാണ്, ലക്ഷക്കണക്കിന് ഭക്തജനങ്ങൾ വരുന്ന ഒരു അവസരമാണ്. അവർക്ക് വർഷങ്ങളായിട്ട് പരമ്പരാഗതമായിട്ട് തന്നെ എല്ലാ സൗകര്യങ്ങളും ലഭിക്കുന്നത് ഈ പുതിയ വിധിയുടെ അടിസ്ഥാനത്തിൽ ബുദ്ധിമുട്ടുണ്ടാകും എന്ന് ചൂണ്ടിക്കാട്ടിയപ്പോൾ നിശ്ചയമായിട്ടും അതിന് അനുകൂലമായ ഒരു സംവിധാനം ഉണ്ടാക്കുന്നത് നമ്മുടെ നാടിന്റെ തന്നെ ഒരു പൊതുവായ ആവശ്യമാണ് എന്നു കണ്ടുകൊണ്ടാണ് പ്രതിപക്ഷം സഹകരിക്കാൻ തീരുമാനിച്ചത്. അതു കൊണ്ട് ചർച്ച കൂടാതെ തന്നെ ബിൽ പാസ്സാക്കുന്നതിന് സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്യാവുന്നതാണ്, സബ്ജക്ട് കമ്മിറ്റിയിൽ എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അവിടെ ചർച്ച ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബില്ലിന്റെ ഇംഗ്ലീഷും മലയാളവും ണ്ടും രണ്ടാണ്. അതൊന്ന് പറയാൻ അവസരം വേണ്ടേ? ഇതിൽ ഏതാണ് രതിയെന്ന് അറിയാൻ വേണ്ടിയാണ്. മലയാളത്തിലാണെങ്കിൽ പറയുന്നത്, "5(1) ി-ഉം 4-ഉം വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ജില്ലാ പോലീസ് ഥമേധാവിക്ക് ഏതെങ്കിലുമൊരു പ്രത്യേക പ്രദേശത്ത്, പൊതു പാതകളിലൂടെ തടസ്സങ്ങളില്ലാതെ സഞ്ചരിക്കുന്നതിന് പൊതുജനങ്ങൾക്കുള്ള അവകാശത്തിന്മേൽ ഇരുപത്തിനാലു മണിക്കൂറിൽ കുറയാത്ത കാലയളവിലേക്ക്,.....എന്ന് പറഞ്ഞാൽ ഒരു ദിവസത്തിൽ കൂടുതൽ. ഇംഗ്ലീഷിൽ Not exceeding" ഏതാണ് രരി? ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമല്ലെ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബിൽ ഇംഗ്ലീഷിലാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇംഗ്ലീഷിലുള്ളതാണ് ഒറിജിനൽ ബിൽ. മലയാളത്തിലുള്ളതിന് എന്തെങ്കിലും അപാകതയുണ്ടെങ്കിൽ നമുക്ക് അത് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിച്ച് മാറ്റാവുന്നതാണ്.

മി. സ്പീക്കർ: 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

VII ധനകാര്യം

2011-12 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

ശ്രീ. വി. ശിവൻകുട്ടി: സർ, 2011-2012 വർഷത്തേക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ജനങ്ങൾ ഡോ. തോമസ് ഐസക്കിനോട് ഒരു പൂവ് ചോദിച്ചു, അദ്ദേഹം ഒരു പൂന്തോട്ടം തന്നെ നൽകികൊണ്ട് വികസന രംഗത്ത് ഒരു ചരിത്രം തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. കേരളം കഴിഞ്ഞ അഞ്ച് വർഷക്കാലം കൊണ്ട് 9 ശതമാനം വേഗതയിൽ വളർന്നിരിക്കുകയാണ്. വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ വീണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരികയും ഈ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയ്ക്ക് തന്നെ മാതൃകയാക്കികൊണ്ട് ഏറ്റവും വേഗതയിൽ വളരുന്ന ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. യാന്ത്രികമായ സാമ്പത്തിക നയത്തിനുപകരം സംസ്ഥാനത്തിന്റെ സാഹചര്യം